**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4058

24.06.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പദ്ധതി വിഹിതത്തിൽ കുറവ്

| | ചോദ്യം<br>ശ്രീ. കെ.എസ്. ശബരീനാഥൻ,<br>" അനൂപ് ജേക്കബ്,<br>" ഐ.സി. ബാലകൃഷ്ണൻ,<br>" വി.പി. സജീന്ദ്രൻ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കഴിഞ്ഞ വർഷം അനുവദിച്ച പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയത് അവർക്കായി ആവിഷ്കരിച്ച പദ്ധതികളുടെ നടത്തിപ്പിനെ ദോഷകരമായി ബാധിച്ചിട്ടില്ലേ; | (എ) | ബാധിച്ചിട്ടില്ല. |
| (ബി) | കഴിഞ്ഞ സാമ്പത്തികവർഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് പദ്ധതി വിഹിതത്തിൽ എത്ര ശതമാനമാണ് കുറവ് വരുത്തിയത്; ഇതുമൂലം ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുന്നതിലാണ് പ്രതിബന്ധം ഉണ്ടായത്; | (ബി) | 2018-19 സാമ്പത്തിക വർഷം പദ്ധതിയിൽ പൊതുവെ 20% കുറവ് വരുത്തിയത് പട്ടികജാതി വികസന വകുപ്പിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും പദ്ധതികൾക്കും ബാധകമായിരുന്നു. എന്നാൽ പ്രധാനപ്പെട്ട എല്ലാ പദ്ധതികൾക്കും ആവശ്യമായ തുക റീ-അപ്രോപ്രിയേഷനിലൂടെ അധികം വകയിരുത്തിയതിനാൽ പ്രതിബന്ധങ്ങളൊന്നുമുണ്ടായില്ല.<br>ആരോഗ്യം, വിദ്യാഭ്യാസം ഭവന നിർമ്മാണം എന്നീ മേഖലയിൽ അനുവദിച്ച തുകയിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. |
| (സി) | അധികതുക ആവശ്യമുള്ള പദ്ധതികൾക്ക് റീ അപ്രോപ്രിയേഷൻ മുഖേന തുക വകയിരുത്തുന്നതിന് സാധിച്ചിരുന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) | സാധിച്ചിരുന്നു. |
| (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന് അർഹമായ തുക ലഭിക്കാത്ത സാഹചര്യത്തിൽ, പദ്ധതികളിൽ കുറവ് വരുത്തേണ്ട സാഹചര്യമുണ്ടാകുമ്പോൾ സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ പദ്ധതി തുകയിൽ കുറവ് വരുത്താതിരിക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വിഹിതം ലഭ്യമാകുമെന്ന പ്രതീക്ഷയിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക സംസ്ഥാന സർക്കാർ ഓരോ വർഷവും ചെലവഴിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുകയിൽ ഓരോ വർഷവും സംസ്ഥാനത്തിന് അർഹമായ തുക ലഭിക്കാത്ത സാഹചര്യത്തിലും, ഓരോ വർഷവും പദ്ധതി തുകയിൽ വർദ്ധനവ് വരുത്തുന്നുണ്ട്. കമ്മിറ്റഡ് ലയബിലിറ്റി വ്യവസ്ഥമൂലം അർഹമായ തുകപോലും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ